# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.12.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് രാജ്യത്തിന്റെ അന്ത്യാഞ്ജലി. രാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ ന്യൂഡൽഹിയിലെ വസതിയിലെത്തി അന്തിമോപചാരം അർപ്പിച്ചു.**

**Nation pays tribute to Former Prime Minister Dr. Manmohan Singh. President, Vice President and Prime Minister paid their last respects to the late former Prime Minister at his residence in New Delhi today.**

2) **ഡോ. മൻമോഹൻ സിങ്ങിനോടുള്ള ആദരസൂചകമായി രാജ്യത്ത് 7 ദിവസത്തെ ദു:ഖാചരണം. ഔദ്യോഗിക പരിപാടികൾ റദ്ദാക്കി.**

**The Government has declared a seven-day state mourning as a mark of respect to the former Prime Minister Dr. Manmohan Singh. There will be no official entertainment.**

3) **വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ എസ്റ്റേറ്റ് ഉടമകൾ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി.**

**Kerala High Court rejected the petition filed by the estate owners against the acquisition of land for the rehabilitation of Wayanad landslide victims.**

4) **സാമ്പത്തിക മേഖലയിലെ നിർമിത ബുദ്ധി ഉപയോഗം സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനായി എട്ടംഗ സമിതി രൂപീകരിച്ച് റിസർവ് ബാങ്ക്.**

**The Reserve Bank has constituted an eight-member committee to develop a Framework for Responsible and Ethical Enablement of Artificial Intelligence.**

5) **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളം ജമ്മു കശ്മീരിനെ നേരിടും. ബോർഡർ - ഗവാസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റ് ഒന്നാം ഇന്നിംഗ്സിൽ ഓസ്ട്രേലിയയ്ക്ക് 474 റൺസ് .**

**In Santosh Trophy Football Quarter Finals, Kerala will face Jammu and Kashmir today. Australia post 474 runs in the first innings of Border - Gavaskar Trophy 4th Cricket Test .**

=====================================================

## MANMOHAN MOHAN SINGH GENERAL – (INTRO)

മുൻ പ്രധാനമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ഡോ. മൻമോഹൻ സിങ്ങിന് രാജ്യത്തിൻറെ അന്ത്യാഞ്ജലി. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ഡൽഹിയിലെ വസതിയിലെത്തി അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു. ന്യൂഡൽഹി എയിംസിൽ ഇന്നലെ രാത്രി 9.51ഓടെയാണ് ഡോ മൻമോഹൻ സിങ്ങ് വിട വാങ്ങിയത്. കഴിഞ്ഞ കുറച്ചു നാളുകളായി ആരോഗ്യ പ്രശ്നങ്ങൾ നേരിടുകയായിരുന്ന അദ്ദേഹത്തെ കുഴഞ്ഞു വീണതിനെ തുടർന്നാണ് ആശുപത്രിയിൽ എത്തിച്ചത്.

ലോക പ്രശസ്ത സാമ്പത്തിക വിദഗ്ധനായിരുന്ന ഡോ മൻമോഹൻ സിങ്ങ് 2004 മുതൽ 2014 വരെയുള്ള കാലഘട്ടത്തിലാണ് ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനം വഹിച്ചിരുന്നത്. രാജ്യത്തിൻറെ 13-മത് പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരുന്ന ഡോ.മൻമോഹൻസിംഗ് 1991-ൽ രാജ്യത്ത് സാമ്പത്തിക ഉദാരവത്കരണം കൊണ്ടുവന്നതിന്റെ ശിൽപിയായാണ് കണക്കാക്കപ്പെടുന്നത്.

**ഒരു റിപ്പോർട്ട്.....**

**(VOICE..........)**

അവിഭക്ത ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിൽ 1932 സെപ്റ്റംബർ 26 നാണ് മൻമോഹൻ സിങ്ങ് ജനിക്കുന്നത്. പഞ്ചാബ് സർവകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദം സ്വന്തമാക്കിയ അദ്ദേഹം ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് സർവകലാശാലകളിലാണ് ഉന്നത പഠനം പൂർത്തിയാക്കിയത്. പഞ്ചാബ് സർവകലാശാലയിലും, ഡൽഹി സ്കൂൾ ഓഫ് എക്കണോമിക്സിലും അധ്യാപകനായിരുന്ന അദ്ദേഹം അക്കാദമിക രംഗത്ത് ശ്രദ്ധേയ പ്രകടനം കാഴ്ചവച്ചു. 1971 ൽ അദ്ദേഹം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിലെ ഉപദേഷ്ടകനായി നിയമിതനായി. കേന്ദ്ര സർക്കാരിൻറെ മുഖ്യ സാമ്പത്തിക ഉപദേശകൻ, പ്ലാനിങ് കമ്മീഷൻ ഉപാധ്യക്ഷൻ, റിസർവ് ബാങ്ക് ഗവർണർ, യുജിസി ചെയർമാൻ എന്നീ നിലകളിലും ഡോ. മൻമോഹൻ സിങ്ങ് നിർണായക സംഭാവനകൾ നൽകി. 1991 മുതൽ 2024 വരെ രാജ്യസഭാംഗമായിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം എന്നിവ നടപ്പാക്കിയത് പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൻറെ നേട്ടങ്ങളായി കണക്കാക്കപ്പെടുന്നു. സാമ്പത്തിക വിദഗ്ധനെന്ന നിലയിലും, മികച്ച ഭരണകർത്താവെന്ന നിലയിലും ഒട്ടേറെ പുരസ്കാരങ്ങളും അംഗീകാരങ്ങളും കരസ്ഥമാക്കിയ അദ്ദേഹത്തെ 1987 ൽ രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചു. ന്യൂസ് ഡെസ്ക്, ആകാശവാണി..

==========================================================

**MANMOHAN SINGH CONDOLENCE**

ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ പരിഷ്കരിക്കുന്നതിൽ നിർണായക സംഭാവനകൾ നൽകിയ നേതാവാണ് ഡോ. മൻമോഹൻ സിങ്ങെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അനുസ്മരിച്ചു. വിദ്യാഭ്യാസവിചക്ഷണനും ഭരണതന്ത്രജ്ഞനുമായ രാഷ്ട്രീയ നേതാക്കളിൽ ഒരാൾ ആയിരുന്നു അദ്ദേഹം എന്നും രാഷ്ട്രപതി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പരിഷ്കരണത്തിലൂടെ, രാജ്യത്തിന്റെ സാമ്പത്തികരംഗത്തെ മാറ്റിമറിച്ച സാമ്പത്തിക

ശാസ്ത്രജ്ഞൻ ആയിരുന്നു ശ്രീ മൻമോഹൻ സിംഗ് എന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ അനുസ്മരിച്ചു.

==================================================

## PM-MANMOHAN- (INTRO)

രാജ്യത്ത് നിരവധി പരിഷ്കരണങ്ങൾ നടത്തിയ

രാഷ്ട്ര തന്ത്രജ്ഞനായിരുന്നു മൻമോഹൻ സിംഗെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മികച്ച സാമ്പത്തിക വിദഗ്ധൻ

പരിഷ്കരണങ്ങൾക്കായി നിലകൊണ്ട നേതാവ് എന്നീ നിലകളിൽ അദ്ദേഹം എന്നും ഓർമ്മിക്കപ്പെടുമെന്നും പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു. പ്രതിസന്ധികളെ മറികടന്ന് എങ്ങനെ ഉയരങ്ങൾ കൈവരിക്കാൻ കഴിയുമെന്നതിന് ഭാവി തലമുറകൾക്കുള്ള മാതൃകയാണ് ഡോ മൻമോഹൻ സിംഗിൻറെ ജീവിതമെന്നും ശ്രീ മോദി അനുസ്മരിച്ചു.

**(HOLD BYTE………………)**

കേന്ദ്രമന്ത്രിമാരായ അമിത് ഷാ, ജെപി നഡ്ഡ, രാജ്നാഥ് സിംഗ്, മുൻ കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയ പ്രമുഖ നേതാക്കളും ന്യൂഡൽഹിയിലെ വസതിയിലെത്തി ഡോ. മൻമോഹൻ സിങ്ങിന് ആദരാഞ്ജലികൾ അർപ്പിച്ചു.

==================================================

## CONGRESS CONDOLENCE

മുൻ പ്രധാനമന്ത്രി ഡോ മൻമോഹൻ സിംഗിൻറെ വിയോഗത്തിലൂടെ ഇന്ത്യക്ക് നഷ്ടമായത് ദീർഘവീക്ഷണമുള്ള രാഷ്ട്ര തന്ത്രജ്ഞനെയാണെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ അനുസ്മരിച്ചു. ഇന്ത്യയുടെ വളർച്ചയ്ക്കും ക്ഷേമത്തിനുമായുള്ള അദ്ദേഹത്തിൻറെ പ്രവർത്തനങ്ങൾ എക്കാലവും വിലമതിക്കപ്പെടുമെന്നും ശ്രീ. ഖർഗെ പറഞ്ഞു. മൻമോഹൻ സിംഗിൻറെ വിയോഗം കോൺഗ്രസിന് തീരാനഷ്ടമാണെന്ന് കോൺഗ്രസ് മുൻ അധ്യക്ഷ സോണിയ ഗാന്ധി അനുസ്മരിച്ചു. കുടുംബത്തിൻറെയും സുഹൃത്തുക്കളുടെയും ദുഖത്തിൽ

പങ്കുചേരുന്നതായും ശ്രീമതി സോണിയ ഗാന്ധി പറഞ്ഞു. അപാരമായ വിവേകത്തോടെയും അഖണ്ഡതയോടെയും രാജ്യത്തെ നയിച്ച നേതാവായിരുന്നു ഡോ. മൻമോഹൻ സിങ്ങെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി അനുസ്മരിച്ചു.

==========================================================

**KERALA CONDOLENCE**

ജനാധിപത്യത്തിൻറെയും മതനിരപേക്ഷതയുടെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഇന്ത്യയെ നയിച്ച നേതാവായിരുന്നു ഡോ മൻമോഹൻ സിങ്ങെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. അദ്ദേഹം നടപ്പാക്കിയ നവഉദാരവത്കരണ നയങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ അടിമുടി ഉടച്ചുവാർത്തതായും അദ്ദേഹം അനുസ്മരിച്ചു. ഇന്ത്യയെ ലോകത്തെ പ്രധാന സാമ്പത്തികശക്തിയാക്കി വളർത്തിയതിൽ മൻമോഹൻ സിങ്ങിൻറെ ഇച്ഛാശക്തിയും ദീർഘവീക്ഷണവും ഏറെ സഹായിച്ചതായി കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ കെ. സുധാകരൻ എംപി പറഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ അടിത്തറ ഉറപ്പിച്ച ഭരണാധികാരിയായിരുന്നു അദ്ദേഹമെന്ന് കെ.സി വേണുഗോപാൽ എംപി അനുശോചന സന്ദേശത്തിൽ കുറിച്ചു.

==========================================================

**NATIONAL MOURNING**

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിൻറെ നിര്യാണത്തെ തുടർന്ന് രാജ്യത്ത് 7 ദിവസത്തെ ദു:ഖാചരണം പ്രഖ്യാപിച്ചു. ഇന്ന് നിശ്ചയിച്ചിരുന്ന എല്ലാ സർക്കാർ പരിപാടികളും റദ്ദാക്കിയിട്ടുണ്ട്. സംസ്കാരചടങ്ങുകൾ നാളെയായിരിക്കുമെന്നാണ് കോൺഗ്രസ് വൃത്തങ്ങൾ അറിയിച്ചത്. പൂർണ ഔദ്യോഗിക ബഹുമതികളോടെയായിരിക്കും സംസ്കാരം. ന്യൂഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനത്ത് നാളെ പൊതു ദർശനത്തിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്.

==========================================================

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.

==========================================

**HIGHCOURT**

വയനാട് ഉരുൾപൊട്ടലിൽ ബാധിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി സർക്കാർ കണ്ടെത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് എതിരെ ഉടമകൾ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. എസ്റ്റേറ്റ്കൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് കോടതി പറഞ്ഞു. നഷ്ടപരിഹാര തർക്കങ്ങളുമായി ബന്ധപ്പെട്ട് ഉടമകൾക്ക് നിയമനടപടിയുമായി മുന്നോട്ടു പോകാവുന്നതാണെന്നും ഹർജി പരിഗണിച്ച ജസ്റ്റിസ് കൗസർ എടപ്പഗത്ത് വ്യക്തമാക്കി. ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിനാണെന്ന് പിന്നീട് കണ്ടെത്തിയാൽ നഷ്ടപരിഹാരത്തുക ഉടമകൾ തിരികെ നൽകണമെന്നും, ഇത് സംബന്ധിച്ച് സത്യവാങ്മൂലം നൽകണമെന്നും കോടതി നിർദ്ദേശിച്ചു.

==========================================

**FREE-AI-RESERVE BANK**

രാജ്യത്തെ സാമ്പത്തിക മേഖലയിൽ ഉത്തരവാദിത്തപൂർണവും, നൈതികവുമായ വിധത്തിൽ നിർമിത ബുദ്ധി ഉപയോഗപ്പെടുത്തുന്നതിനുള്ള രൂപരേഖ വികസിപ്പിക്കുന്നതിനായി എട്ടംഗ സമിതി രൂപീകരിച്ച് റിസർവ് ബാങ്ക്. ബോംബെ ഐഐടി പ്രൊഫസർ ഡോ.പുഷ്പക് ഭട്ടാചാര്യ സമിതിക്ക് നേതൃത്വം നൽകും. ആഗോളതലത്തിലും രാജ്യത്തും സാമ്പത്തിക സേവനങ്ങളിൽ AI ഉപയോഗപ്പെടുത്തുന്നതിലെ കാര്യക്ഷമത സമിതി വിലയിരുത്തും. നിർമിത ബുദ്ധിയുമായി ബന്ധപ്പെട്ട അപകടസാധ്യതകളും പരിശോധിക്കും.

==========================================

## BANKS PROFITABILITY

രാജ്യത്തെ ബാങ്കുകളുടെ ലാഭക്ഷമത തുടർച്ചയായ ആറാം വർഷവും മെച്ചപ്പെട്ട നിലയിൽ. 2023-24 സാമ്പത്തിക വർഷത്തിൽ നോൺ പെർഫോമിംഗ് അസ്സെറ്റ്സ് 2.7 ശതമാനമായി കുറഞ്ഞിട്ടുണ്ട് .13 വർഷത്തെ കണക്കനുസരിച്ച് ഏറ്റവും താഴ്ന്ന നിരക്കാണിത്. വായ്പകളിലും നിക്ഷേപങ്ങളിലും ഉണ്ടായ വർധനവാണ് ബാങ്കുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സഹായിച്ചതെന്ന് റിസർവ് ബാങ്ക് വ്യക്തമാക്കി.

==========================================================

## SANTHOSH TROPHY

78-ാ മത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളം ജമ്മു കശ്മീരിനെ നേരിടും. ഉച്ചതിരിഞ്ഞ് 2.30 നാണ് മത്സരം. മറ്റൊരു മത്സരത്തിൽ മേഘാലയ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെ നേരിടും. ഇന്നലെ നടന്ന ക്വാർട്ടർ മത്സരങ്ങളിൽ വിജയിച്ച് പശ്ചിമബംഗാളും മണിപ്പൂരും സന്തോഷ് ട്രോഫി സെമിഫൈനലിൽ കടന്നിട്ടുണ്ട്.

==========================================================

## CRICKET

മെൽബണിൽ നടക്കുന്ന ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൻറെ ആദ്യ ഇന്നിംഗ്സിൽ ഓസ്ട്രേലിയ 474 ന് പുറത്ത്. ആറ് വിക്കറ്റ് നഷ്ടത്തിൽ 311 എന്ന നിലയിൽ രണ്ടാം ദിനം ബാറ്റിംഗ് പുനരാംരഭിച്ച ഓസീസിന് 474 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമാവുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, രണ്ടാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 164 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സര പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം ജയിച്ചിട്ടുണ്ട്.

==========================================================

**WAVES -OTT APP**

പ്രസാർ ഭാരതിയുടെ വേവ്സ് ഒടിടി ആപ്പിൽ ഒരു മാസത്തിനുള്ളിൽ ഒരു ദശലക്ഷത്തിലധികം ഡൗൺലോഡുകൾ നടന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിനെയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു .പുതിയ കാലത്തിനായുള്ള ഉള്ളടക്കത്തിനൊപ്പം രാമായണം ,മഹാഭാരതം പോലുള്ള ഇതിഹാസ പരമ്പരകൾ പഴയ കാലത്തിൻറെ ഓർമ്മപ്പെടുത്തൽ കൂടിയാകുന്നതായും അദ്ദേഹം പറഞ്ഞു.

====================================================

**DELHI-WEATHER**

ഡൽഹിയിൽ നാളെവരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹിയുടെ പല ഭാഗങ്ങളിലും ഇന്ന് നേരിയ തോതിൽ മഴ ലഭിച്ചിരുന്നു. തണുത്ത കാലാവസ്ഥ തുടരുമ്പോഴും നഗരത്തിലെ വായുഗുണനിലവാരം വളരെ മോശം നിലയിൽ തുടരുകയാണ്. വായുഗുണനിലവാര സൂചികയിൽ ഏറ്റവും ഒടുവിലായി 371 ആണ് രേഖപ്പെടുത്തിയത്.

====================================================

**DAY. WOMEN S CRICKET**

ഇന്ത്യ-വെസ്റ്റിൻഡീസ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ മൂന്നാം മത്സരം വഡോദര സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ വെസ്റ്റിൻഡീസ് 162 റൺസിന് പുറത്തായി.

===========

====================

======================================